സൗകര്യമുള്ളിടത്ത് ഒരു സബ് ഡിസ്ട്രിക്ടിൽ ഒന്നുവീതം 153 പ്രീ-പ്രൈമറി സ്ക്കൂളുകൾ തുടങ്ങുവാനും തൃപ്തികരമായ നിലവാരം പുലർത്തുന്ന പ്രീ-പ്രൈമറി സ്ക്കൂളുകൾക്കും പ്രീ-പ്രൈമറി റഫ്രഷേഴ്സ് ട്രെയിനിംഗ് സ്ക്കൂളുകൾക്കും അംഗീകാരം കൊടുക്കുവാനുമുള്ള നടപടികൾ ഗവൺമെൻറ് എടുത്തുകഴിഞ്ഞു. എല്ലാ മോഡൽ പ്രീ-പ്രൈമറി സ്ക്കൂളുകളും ഒരുമിച്ച് തുടങ്ങുന്നതിന് സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടായിരുന്നതുകൊണ്ട് 1984-85 വർഷത്തിൽ ഗവൺമെൻറ് ഓരോ വിദ്യാഭ്യാസജില്ലയിലും ഓരോന്നുവീതം 31 മോഡൽ പ്രീ-പ്രൈമറി സ്ക്കൂളുകൾ തുടങ്ങിയിട്ടുണ്ട്. ബാക്കിയുള്ളവ ഘട്ടംഘട്ടമായി തുടങ്ങാനുള്ള നടപടികൾ എടുത്തുവരികയാണ്. പ്രീ-പ്രൈമറി വിദ്യാഭ്യാസ ഉപദേശക സമിതിയുടെ നിർദ്ദേശപ്രകാരം പ്രൈവറ്റ് നഴ്സറി സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ നഴ്സറി സ്ഥാപനങ്ങൾ പാലിക്കേണ്ട നിബന്ധനകൾ എന്നിവ നിഷ്കർഷിച്ചുകൊണ്ട് ഇതിനകം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രീ-പ്രൈമറി സ്ക്കൂളുകളിൽ ഔപചാരികമായ പഠനം ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടില്ല.

(സി) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഗവൺമെൻറിന്റെ ജി. ഒ. എം. എസ്. 43/84 പൊ: വി: 14-3-1984, 44/84/പൊ: വി: 14-3-1984 എന്നീ ഉത്തരവുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. †

(ഡി) ഇല്ല.

(ഇ) പരിഗണിക്കാവുന്നതാണ്.

മരാമത്ത് പണികൾക്ക് ആധുനിക സമ്പ്രദായങ്ങൾ

* 109. [151] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മരാമത്തു പണികൾക്ക് ആധുനിക സമ്പ്രദായങ്ങളൊന്നും ഉപയോഗിക്കുന്നില്ല എന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്താണിതിനു കാരണം ;

(സി) ഗവൺമെൻറ് ഉടമയിലുള്ള കൺസ്ട്രക്ഷൻ കോർപ്പറേഷനു പോലും ആധുനിക ഉപകരണങ്ങൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മരാമത്തു പണികൾക്ക് ആധുനിക യന്ത്രങ്ങളും ഉപകരണങ്ങളും ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

(എ) ആധുനികസമ്പ്രദായങ്ങൾ പരിമിതമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന കാര്യം ശ്രദ്ധിൽപ്പെട്ടിട്ടുണ്ട്.

(ബി) സാമ്പത്തിക പരിമിതികളാണ് പ്രധാന കാരണം.

(സി) ഉണ്ട്.

(ഡി) ഇതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly